**പതിമൂന്നാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 978 11.03.2015 ലെ മറുപടിക്ക്

**പട്ടികജാതി കോളനികളിലെ നിർമ്മാണ പ്രവർത്തന കാലതാമസം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എസ്.ശർമ്മ** | | **ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** |
| (എ) | പട്ടികജാതി കോളനികൾ സ്വയം പര്യാപ്തമാക്കുന്ന പദ്ധതി പ്രകാരം വൈപ്പിൻ മണ്ഡലത്തിൽ നിന്നും നിർദ്ദേശിച്ചിരുന്ന വളപ്പ് പുലയാസ് കോളനി, ഞാറക്കൽ സീഷോർ കോളനി എന്നിവിടങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങളിലെ കാലതാമസം എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (എ) | വൈപ്പിൻ മണ്ഡലത്തിലെ പുലയാസ് കോളനിയിലെ പ്രവൃത്തികൾ 90% പൂർത്തിയായിട്ടുണ്ട്. വ്യക്തിഗത വാട്ടർ കണക്ഷൻ നൽകുന്ന പ്രവൃത്തി മാത്രമാണ് പൂർത്തീകരി ക്കുവാനുള്ളത്. ഓണർഷിപ്പ് ലഭിക്കാത്ത കുടുംബങ്ങൾക്ക് മാത്രമാണ് വാട്ടർ കണക്ഷൻ നൽകാൻ ശേഷിക്കുന്നത്. താല്ക്കാലിക ഓണർഷിപ്പ് നമ്പർ നൽകുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>സീ ഷോർ കോളനിയിലെ നിർവ്വഹണ ഏജൻസി എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത കോളനികളിലെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ; | (ബി) | 2015 മാർച്ച് 31-ന് മുമ്പ് പുലയാസ് കോളനിയിലെ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br>സീ ഷോർ കോളനിയിലെ നിർവ്വഹണ ഏജൻസിയുമായി ധാരണാ പത്രം ഒപ്പ് വച്ച് ഉടൻ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ